# ഇനി കോള കുടിക്കില്ല; സ്കൂൾ കുട്ടികൾ മാതൃകയാകുന്നു

**സുനിൽ.സി.എൻ.**

തൃശ്ശൂർ: കോളയും അനുബന്ധ ഉല്പന്നങ്ങളും ഉപയോഗിക്കില്ലെന്ന തീരുമാനമെടുത്ത് മുണ്ടൂർ സൽസബീൽ സെൻട്രൽ സ്കൂൾ വിദ്യാർത്ഥികൾ മാതൃകയാകുന്നു. ആഗോളവൽക്കരണം രാജ്യത്തിന് ഉയർത്തുന്ന ഭീഷണി തിരിച്ചറിഞ്ഞതായും അതിനെതിരായുള്ള ചെറുത്തുനില്പിന്റെ പ്രഥമഘട്ടമെന്ന നിലയിലാണ് തങ്ങളുടെ തീരുമാനമെന്നുമാണ് കുട്ടികൾ വിശദീകരിക്കുന്നത്.

സ്കൂളിലെ അഞ്ഞൂറിലധികം വരുന്ന കുട്ടികളിലാരും ഇപ്പോൾ കോളയോ മറ്റു കൃത്രിമ ശീതളപാനീയങ്ങളോ ഉപയോഗിക്കുന്നില്ല. നഴ്സറി വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ ഈ നിലപാട് സ്വീകരിച്ചു കഴിഞ്ഞു. മുതിർന്ന കുട്ടികൾ എല്ലാ ക്ലാസുകളിലും കോളയ്ക്കെതിരെയുള്ള സന്ദേശം എത്തിക്കുന്നു. സ്കൂൾ നോട്ടീസ് ബോർഡിലും കോളവിരുദ്ധ പോസ്റ്ററുകൾ പതിച്ചിട്ടുണ്ട്. കോളയുൾപ്പെടെയുള്ള കൃത്രിമ ലഹരിപാനീയങ്ങൾക്കു പകരം ഇളനീരോ ശുദ്ധജലമോ ആണ് ഉപയോഗിക്കുക എന്ന് അവർ പറയുന്നു.

കൃത്രിമ ശീതള പാനീയങ്ങൾ ആരോഗ്യത്തെ കാർന്നു തിന്നുന്നതോടൊപ്പം നമ്മുടെ ദുർബലരായ സഹോദരങ്ങൾക്ക് ശുദ്ധജലവും വായുവും നിഷേധിക്കുകയാണെന്ന് വേദനയോടെ തങ്ങൾ തിരിച്ചറിയുന്നതായി ഈ കുട്ടികൾ സൂചിപ്പിക്കുന്നു. കൊക്കകോള കമ്പനിക്കെതിരെ ജനകീയ സമരം നടക്കുന്ന പ്ലാച്ചിമട സൽസബീൽ സ്കൂൾ വിദ്യാർത്ഥികൾ സന്ദർശിച്ചിരുന്നു.

ഇപ്പോൾ പത്താംതരം വിദ്യാർത്ഥിനിയായ ഇഷിതയാണ് കോളക്കെതിരെ നിലപാടെടുക്കാൻ തങ്ങളെ പ്രേരിപ്പിച്ചതെന്നാണ് സ്കൂൾ അധികൃതർ പറയുന്നത്. സ്കൂളിൽ നിന്നും വിനോദയാത്ര പോയപ്പോൾ കുട്ടികൾക്ക് നൽകിയ പെപ്സി കുടിക്കാൻ ഈ വിദ്യാർത്ഥിനി മാത്രം വിസമ്മതിക്കുകയായിരുന്നു. നർമ്മദാ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സൽസബീൽ സ്കൂൾ വിദ്യാർത്ഥികൾ തൃശ്ശൂരിൽ ഉപവാസമനുഷ്ഠിച്ചപ്പോൾ അതിൽ പങ്കെടുത്ത എൻ. എ. പി. എം കൺവീനർ ജിയോ ജോസ് കോളയുടെ രാഷ്ട്രീയവും പറഞ്ഞിരുന്നു എന്നു ചൂണ്ടിക്കാണിച്ചാണത്രെ ആ വിദ്യാർത്ഥിനി കോള ഒഴിവാക്കിയത്. കേട്ട പാഠം ആ വിദ്യാർത്ഥിനി പ്രാവർത്തികമാക്കുന്നത് തിരിച്ചറിഞ്ഞ അധികൃതരും മറ്റു വിദ്യാർത്ഥികളും കോള ഉപേക്ഷിക്കുകയായിരുന്നു

കോളക്കെതിരായി നിലപാടെടുക്കാൻ മറ്റു സ്കൂളുകളിലെ വിദ്യാർത്ഥികളെയും പ്രേരിപ്പിക്കാനുള്ള ശ്രമത്തിലാണ് ഈ വിദ്യാർത്ഥികൾ ഇപ്പോൾ.

## അയ്യേ... എന്താ ഈ പത്രക്കാരിങ്ങനെ?

"ഒരുപാട് കാര്യങ്ങൾ അവരോട് ഞങ്ങൾ പറഞ്ഞു. മറ്റു സ്കൂളിലെ കുട്ടികൾക്കുള്ള സന്ദേശമാകും അത് എന്നാണ് ഞങ്ങൾ കരുതിയത്. പക്ഷെ, അതൊന്നും അവർ എഴുതിയില്ല. സത്യത്തിൽ ഞങ്ങളെ കളിയാക്കുകയാണ് അവർ ചെയ്തത്" - പറയുന്നത് തൃശ്ശൂർ ജില്ലയിലെ മുണ്ടൂർ സൽസബീൽ സെൻട്രൽ സ്കൂൾ വിദ്യാർത്ഥികൾ. പറഞ്ഞതാകട്ടെ പത്രപ്രവർത്തകരെപ്പറ്റിയും.

തങ്ങൾ കോള ബഹിഷ്കരിക്കാൻ തീരുമാനമെടുത്ത കാര്യം വെളിപ്പെടുത്താൻ ആഗസ്റ്റ് 2ന് തൃശ്ശൂരിൽ നടത്തിയ പത്രസമ്മേളനമാണ് ഇങ്ങനെ പറയാൻ 15 വയസിനു താഴെ പ്രായമുള്ള ഈ കുട്ടികളെ പ്രേരിപ്പിച്ചത്. പ്രതീക്ഷയോടെ ചെന്ന് നിരാശയോടെ മടങ്ങിയ അനുഭവമാണ് പത്രസമ്മേളനമാണ് തങ്ങൾക്ക് നൽകിയതെന്ന് കുട്ടികൾ വേദനയോടെ പറയുന്നു. സൽസബീൽ സ്കൂൾ വിദ്യാർത്ഥികളുടെ പ്രതിനിധികളായി 6 കുട്ടികളാണ് പത്രസമ്മേളനത്തിൽ പങ്കെടുത്തത്.

കുട്ടികളുടെ നിലപാടിന്റെ ഗൗരവം കണ്ടില്ലെന്ന് നടിച്ച് വെറുമൊരു കടമ തീർക്കുന്ന രീതിയിലാണ് പത്രങ്ങൾ ഇത് വാർത്തയാക്കിയത്. ഭൂരിപക്ഷം പത്രങ്ങളും പ്രാദേശിക പേജിൽ ഒറ്റക്കോളം വാർത്തയായി പത്രസമ്മേളനത്തെ ഒതുക്കി. 'ഹിന്ദു'ദിനപത്രവും തൃശ്ശൂരിൽ നിന്നും പ്രസിദ്ധീകരിക്കുന്ന സായാഹ്നദിനപത്രമായ 'സ്വതന്ത്രമണ്ഡപ'വും മാത്രമാണ് തങ്ങളുടെ അഭിപ്രായങ്ങളോട് നീതി പുലർത്തിയതെന്ന് കുട്ടികൾ പറയുന്നു.

പത്രസമ്മേളനത്തിലുടനീളം തങ്ങളെ താഴ്ത്തിക്കെട്ടാൻ പത്രപ്രവർത്തകർ ശ്രമിച്ചതായും കുട്ടികൾ ആരോപിക്കുന്നുണ്ട്. സൽസബീൽ സ്കൂളിൽ വിദ്യാർത്ഥികൾ ടൈ ഉപയോഗിക്കുന്നതും അവസാനിപ്പിക്കേണ്ടേ എന്ന ചോദ്യവുമായി ഏറെ നേരം പത്രസമ്മേളനം വഴിതിരിച്ചുവിട്ടതായി അവർ പറയുന്നു. സ്കൂൾ അധികൃതർ സമ്മതിക്കുകയാണെങ്കിൽ അതിനു തയ്യാർ എന്നു കുട്ടികൾ പറഞ്ഞിട്ടും ആക്രമണം തുടർന്ന പത്രപ്രവർത്തകർ 'നിങ്ങൾ പാന്റ്സ് ഉപേക്ഷിക്കുമോ'എന്ന കുട്ടികളുടെ നിഷ്കളങ്ക ചോദ്യത്തിനു മുന്നിലാണത്രേ പത്തി മടക്കിയത്!

വ്യക്തമായ ലക്ഷ്യബോധത്തോടെ തങ്ങളെടുത്ത നിലപാടിനെ പുച്ഛിച്ചു തള്ളിയ മാധ്യമനിലപാടിനെതിരെ തീരാവേദനയിലാണ് ഈ വിദ്യാർത്ഥികളിപ്പോൾ. തങ്ങളുടെ ദുഃഖവും പ്രതിഷേധവും സൂചിപ്പിച്ച് പത്രാധിപന്മാർക്ക് അവർ കത്തയച്ചിട്ടുണ്ട്.